**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 31.07.2007 ന് സേവനത്തിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ ശ്രീ.എ.കെ. വാസുദേവന്റെ അനധികൃത ഹാജരില്ലായ്മക്കാലം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(ആർ.റ്റി)നം.3330/2012/ത.സ്വ.ഭ.വ. തീയതി,തിരുവനന്തപുരം,03/12/2012.**

---

പരാമർശം:- 1) ശ്രീ.എ.കെ.വാസുദേവന്റെ അവധി അപേക്ഷകൾ.
2) പഞ്ചായത്ത് ഡയറക്ടറുടെ 17.07.2012 ലെ ഇ6-24086/2010 നമ്പർ കത്ത്.

**ഉത്തരവ്**

31.07.2007 ന് സേവനത്തിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ ശ്രീ.എ.കെ. വാസുദേവന്റെ 05.07.2002 മുതൽ 04.02.2007 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലം മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമവൽക്കരിച്ച് നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം 1 പ്രകാരമുള്ള ശൂന്യവേതനാവധി അപേക്ഷകൾ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃത ഹാജരില്ലായ്മക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിയായി ക്രമീകരിക്കുവാൻ വ്യവസ്ഥയില്ല. ഈ സാഹചര്യത്തിൽ 31.07.2007 ന് സേവനത്തിൽ നിന്നും വിരമിച്ച മലപ്പുറം ജില്ലയിലെ പോത്തുകൽ ഗ്രാമ പഞ്ചായത്തിലെ ശ്രീ.എ.കെ. വാസുദേവന്റെ 05.07.2002 മുതൽ 04.02.2007 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലം ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയവയ്ക്ക് കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ, ഭാഗം-1, ചട്ടം 88 പ്രകാരമുള്ള ശൂന്യവേതനാവധിയായി ക്രമവൽക്കരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
സെക്രട്ടറി, പോത്തുകൽ ഗ്രാമപഞ്ചായത്ത്, ഭൂതാനം പി.ഒ ,മലപ്പുറം.
ശ്രീ.എ.കെ. വാസുദേവൻ, മുൻ എൽ.ഡി.ക്ലാർക്ക് , ഒറ്റപാലയ്ക്കൽ ഹൗസ്, കാരപ്പുറം, കാരപ്പുറം പി.ഒ, മൂത്തേടം ഗ്രാമ പഞ്ചായത്ത്.
എക്സിക്യൂട്ടീവ് ഡയറക്ടർ, (IKM) (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ